

ഡോ. തോമസ് ചാത്തംപറമ്പിൽ സി.എം.ഐ

# ചാവറയച്ചനും വിദ്യാഭ്യാസരംഗവും

**കൈ**രളിയുടെ വിദ്യാ
സമ്പത്തു വർദ്ധിപ്പിക്കാൻ
വൈരാഗ്യസമാനമാം
വാശിയോടാദ്യം തൊട്ടേ
നിർമാണപ്രക്രിയകൾ
പ്രേഷിതചൈതന്യത്തോ
ടമഹാനനുഷ്ഠിച്ചൂ
വിശ്രമരഹിതനായ്.
*(മാത്യു ഇടമറ്റം: കാർത്തിക നക്ഷത്രം)*

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളത്തിലെ മത, സാമുദാ യിക, വിദ്യാഭ്യാസ രംഗങ്ങളിൽ മായാത്ത മുദ്ര പതിപ്പിച്ച മുനിവര്യനാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലി



**ചാവറയച്ചൻ ദളിതർക്കു വേണ്ടി ആരംഭിച്ച വിദ്യാലയം - രാമചന്ദ്രൻമാസ്റ്ററുടെ ഒരു പെയിന്റിംഗ്**



*ചാവറയച്ചൻ മാന്നാനത്തു സ്ഥാപിച്ച സംസ്കൃത സ്കൂൾ*

യാസച്ചൻ. കേവലം കർഷക കച്ചവട മേഖലകളിൽ മാത്രം അറിയപ്പെട്ടിരുന്ന കേരള കത്തോലിക്കരെ സാംസ്കാരികവും സാമുദായികവും വിദ്യാഭ്യാസപരവുമായ മേഖലകളിൽ മുൻനിരയിലെത്തിക്കുവാൻ ശ്രമം തുടങ്ങിയത് ചാവറയച്ചനായിരുന്നു. കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ കത്തോലിക്കാസഭയുടെ ഇന്നത്തെ സ്ഥാനം എന്താണോ, അത് ചാവറയച്ചനെന്ന ഒരു വ്യക്തിയുടെ ദീർഘവീക്ഷണത്തിന്റെ ഫലമാണ്. അക്ഷരസ്നേഹിയായിരുന്ന ആ മഹാനുഭാവൻ വിത്തു പാകിയ പ്രസ്ഥാനമാണ് ഇന്നൊരു മഹാവൃക്ഷമായി നിലകൊള്ളുന്നത്. 'വിദ്യ' യുടെ അനന്തസാധ്യതകൾ കണ്ടറിഞ്ഞ ചാവറയച്ചന്റെ പ്രവർത്തനങ്ങൾ ആധുനിക കേരളത്തിന്റെ നിർമിതിയിൽ അതുല്യമായ പങ്കു വഹിക്കുന്നുണ്ട്. സാക്ഷരകേരളത്തിന്റെ രൂപീകരണത്തിൽ അദ്ദേഹം വഹിച്ച പങ്ക് തിരിച്ചറിയണമെങ്കിൽ പത്തൊമ്പതാം നൂറ്റാണ്ടിലെ കേരള വിദ്യാഭ്യാസചരിത്രത്തിലൂടെ ഒന്നു കണ്ണോടിക്കേണ്ടിയിരിക്കുന്നു.

**പത്തൊമ്പതാം നൂറ്റാണ്ടിലെ കേരള വിദ്യാഭ്യാസരംഗം**

കുടിപ്പള്ളിക്കൂടങ്ങളുടെയും ആശാൻകളരികളുടെയും നാടായിരുന്നു കേരളം. ഇരുപതിലേറെ നാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്ന കേരളം, പില്ക്കാലത്ത് തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെയുള്ള മൂന്നു രാജ്യങ്ങളായി മാറിയെങ്കിലും ജനങ്ങളുടെ വിദ്യാഭ്യാസ രീതിയിൽ പ്രകടമായ മാറ്റം സംഭവിച്ചിരുന്നില്ല. പാശ്ചാത്യ മിഷനറിമാരുടെ വരവോടെയാണ് വിദ്യാഭ്യാസരംഗത്ത് അല്പമെങ്കിലും ആധുനികത കേരളത്തിലുണ്ടായിത്തുടങ്ങിയത്. പ്രാചീനകാലം മുതൽ കേരളത്തിലുണ്ടായിരുന്ന സംസ്കൃതാഭ്യസനം വഴി പുറംലോകത്തേക്കുള്ള ഒരു തുറവി കേരളീയർക്കു ലഭിച്ചിരുന്നോ എന്നതു സംശയമാണ്. മതാഭ്യസനത്തിന്റെയും സമുദായ മേൽക്കോയ്മയുടെയും ഒരു

പാധി മാത്രമായിരുന്നു സംസ്കൃത പഠനം.
വിദ്യാഭ്യാസരംഗത്ത് സമൂലമായ മാറ്റങ്ങൾ വരുത്താവുന്ന
തായിരുന്നു തിരുവിതാംകൂറിൽ 1819ൽ 'വെർണാകുലർ
സ്കൂളുകൾ' സ്ഥാപിച്ചുകൊണ്ടുള്ള മഹാറാണി ഗൗരി
പാർവതി ഭായിയുടെ വിളംബരം[1]. അനേകം സ്കൂളുകൾ
ആരംഭിക്കപ്പെട്ടുവെങ്കിലും പലവിധ കാരണങ്ങളാൽ
അധികം താമസിയാതെന്നെ അവയിൽ പലതും നാമാവ
ശേഷമായി. തിരുവിതാംകൂറിലെ ഇംഗ്ലീഷ് വിദ്യാഭ്യാസ
ത്തിനു തുടക്കംകുറിച്ചത് സ്വാതിതിരുനാൾ രാമവർമ മഹാ
രാജാവായിരുന്നു. നാഗർകോവിൽ സെമിനാരിയിലെ പ്രധാ
നാധ്യാപകനായിരുന്ന റോബർട്സിനെ വിളിച്ചുവരുത്തി
1834-ൽ അദ്ദേഹം സ്കൂൾ തുടങ്ങി[2]. റവ. ഡാസൻ 1818-
ൽ മട്ടാഞ്ചേരിയിൽ സ്ഥാപിച്ചതാണ് കൊച്ചി രാജ്യത്തെ
ആദ്യ ഇംഗ്ലീഷ് സ്കൂൾ[3]. മലബാറിലെ ആദ്യത്തെ ഇംഗ്ലീഷ്
സ്കൂൾ 'ബാസൽ മിഷൻ' 1848-ൽ കല്ലായിയിൽ ആരം
ഭിച്ചു[4]. തിരുവിതാംകൂറിലെ ആദ്യത്തെ ഉന്നതവിദ്യാഭ്യാസ
സ്ഥാപനം 1866-ൽ കോളജായി ഉയർത്തപ്പെട്ട
സി.എം.എസ്[5] സ്കൂളാണ്. 1816-ൽ പുരോഹിതാർഥി
കൾക്കായി സി.എം.എസ് ആഭിമുഖ്യത്തിൽ കോട്ടയ
ത്താണ് ഇതാരംഭിച്ചത്[6]. ഇങ്ങനെ, പത്തൊമ്പതാം നൂറ്റാ
ണ്ടിന്റെ ആദ്യദശയിൽ വിദ്യാഭ്യാസരംഗത്ത് കേരളത്തിൽ
ചലനങ്ങൾ ഉണ്ടായിത്തുടങ്ങിയെങ്കിലും സുറിയാനി
കത്തോലിക്കർക്ക് അത് അപ്രാപ്യമായിരുന്നു.

**സുറിയാനി കത്തോലിക്കരും വിദ്യാഭ്യാസവും**

കേരളത്തിലെ പരമ്പരാഗത സുറിയാനി ക്രിസ്ത്യാനിക
ളുടെ ചരിത്രം മാറ്റിയെഴുതിയ ഒരു സംഭവമായിരുന്നു
1599-ൽ നടന്ന ഉദയംപേരൂർ സുനഹദോസ്. ആരാധനാ
പരവും അനുഷ്ഠാനപരവുമായ ഒട്ടേറെക്കാര്യങ്ങളിൽ
കാതലായ മാറ്റങ്ങൾ വരുത്തിയതു കൂടാതെ, വിദ്യാഭ്യാ

സരംഗത്തും ഉദയംപേരൂർ സുനഹദോസ് അടിസ്ഥാനപര മായി ഇടപെട്ടു. സുറിയാനിക്കാർ അന്യമതസ്ഥരായ അധ്യാ പകരുടെ പക്കൽ വിദ്യ അഭ്യസിക്കുന്നതിനെ സുനഹദോസ് വിലക്കി7. സുറിയാനിക്കാരായ ആശാന്മാർ അന്യമതസ്ഥ രായ കുട്ടികളെ ആകർഷിക്കുന്നതിനായി ഒന്നും ചെയ്യരു തെന്നും സൂനഹദോസ് കല്പിച്ചു8. കുടിപ്പള്ളിക്കൂടങ്ങളും ആശാൻകളരികളും മാത്രമുണ്ടായിരുന്ന ആ കാലഘട്ട ത്തിൽ, ഈ വിലക്കുകളുടെ പരിണതഫലം അതീവ ഗുരു തരമായിരുന്നു.

സുനഹദോസിനു ശേഷം ഭരണാധികളായിരുന്നവർ സുന ഹദോസ് തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ ഒട്ടേറെ വിജ യിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിൽ വിദേശ മിഷനറിമാർ ഭരണത്തിൽനിന്നൊഴിവാകുന്നതുവരെ വിദ്യാഭ്യാസരംഗം അവഗണിക്കപ്പെട്ടു കിടന്നു. ഇഗ്നേഷ്യസ് പേർസിക്കോ യുടെ ചരിത്രപ്രസിദ്ധമായ റിപ്പോർട്ടിൽ ഇപ്രകാരം രേഖ പ്പെടുത്തിയിരിക്കുന്നു: "സുറിയാനിക്കാരെ ഭരിക്കുന്ന കർമ്മ ലീത്തക്കാർ വിദ്യാഭ്യാസരംഗത്ത് കാര്യമായി ഒന്നും ചെയ്തിട്ടില്ല9. പൊതുവേ പറഞ്ഞാൽ മിഷനറിമാർ ഭാഷാ ജ്ഞാനം, നാട്ടുകാരായ വൈദികരുടെയും തങ്ങളെ ഏല്പി ച്ചിരിക്കുന്ന ക്രിസ്ത്യാനികളുടെയും വിദ്യാഭ്യാസം എന്നീ കാര്യങ്ങളിൽ ഇന്ത്യയിൽ ഒരിക്കലും വിശ്രുതി നേടിയി ട്ടില്ല10." കച്ചവട, കൃഷി കാര്യങ്ങളിൽ നിപുണരായിരുന്ന സുറിയാനികൾ അതുവിട്ടൊരു വഴി തെരഞ്ഞെടുക്കാൻ പ്രേരിപ്പിക്കപ്പെട്ടതേയില്ല. ചാവറയച്ചന്റെ കാലത്തിനു മുമ്പ് സുറിയാനി കത്തോലിക്കരുടെ ഇടയിൽനിന്നും അറിയപ്പെ ടുന്ന ഒരു സാഹിത്യകാരനോ പണ്ഡിതനോ ഉയർന്നുവ ന്നിട്ടില്ല എന്നതിനു കാരണവും ഇതുതന്നെ. 1884 ഒക്ടോ ബർ അഞ്ചിന് നിരവധി സുറിയാനി വൈദികർ ചേർന്ന് പ്രൊപ്പഗാന്തായുടെ പ്രീഫെക്ടിന് എഴുതിയ കത്തിൽ സൂചിപ്പിച്ചിരിക്കുന്നത് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. "സുറിയാനി കത്തോലിക്കരുടെ ഇടയിൽനിന്ന് കോളജ് പഠനം കഴിഞ്ഞ് ഡിഗ്രി കിട്ടിയവരായി ആരുമില്ല. യാക്കോ ബായ സഹോദരങ്ങളിൽ ഡിഗ്രി കിട്ടിയവരായി നൂറില ധികം പേരുണ്ട്. വക്കീലന്മാർ, ഡോക്ടർമാർ, ജഡ്ജിമാർ തുടങ്ങി മറ്റു സമുദായങ്ങളിൽ പലരുള്ളപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ ആരുമില്ല."11

**ക്രാന്തദർശിയായ സമുദായസ്നേഹി**

താനുൾപ്പെടുന്ന സമൂഹത്തിന്റെയും സമുദായത്തിന്റെയും ദുരവസ്ഥ കണ്ട് ചാവറയച്ചൻ പ്രത്യുത്തരിച്ചത് അതീവ

മാന്നാനം ആശ്രമം



ശ്രദ്ധയോടെയായിരുന്നു. ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസസഭയുടെ നേതൃത്വം അതിന്റെ ആരംഭഘട്ടത്തിൽത്തന്നെ ഏറ്റെടുക്കേണ്ടിവന്ന ചാവറയച്ചൻ, തന്റെയും സഭയുടെയും സിദ്ധികൾ സമുദായ പുരോഗതിക്കായി ഉപയോഗിക്കാൻ തുടങ്ങി. സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ വിദ്യാലയവും സദ്ഗ്രന്ഥങ്ങൾ പ്രചരിപ്പിക്കുന്നതിനായി ആദ്യത്തെ അച്ചുകൂടവും സ്ഥാപിക്കുകവഴി മഹത്തായ ഒരു മുന്നേറ്റത്തിനാണ് ആ മഹാൻ തുടക്കംകുറിച്ചത്.

വിദ്യാഭ്യാസത്തിനായി ഒരു സ്കൂളിന്റെ പടിവാതിൽ പോലും കടക്കാൻ സാധിച്ചിട്ടില്ലാത്ത ചാവറയച്ചന്, തനിക്കും തന്റെ പൂർവികർക്കും നഷ്ടമായത്, തന്റെ സമകാലീനർക്കും പിൻഗാമികൾക്കും നേടിക്കൊടുക്കണമെന്ന നിശ്ചയദാർഢ്യമുണ്ടായിരുന്നു. വിദ്യാഭ്യാസരംഗത്ത് വളരെയേറെ പിന്നോക്കാവസ്ഥയിലായിരുന്ന സ്വസഹോദരങ്ങളെ പിടിച്ചുയർത്താൻവേണ്ടി അദ്ദേഹം ആവിഷ്കരിച്ച പദ്ധതികൾ അദ്ദേഹത്തിന്റെ വിദൂരവീക്ഷണത്തിന്റെയും ധീരതയുടെയും അവിസ്മരണീയമായ തെളിവുകളാണ്. ചാവറയച്ചനുണ്ടായിരുന്ന ഈ സമുദായസ്നേഹത്തിന്റെ പിന്തുടർച്ചയാണ് അദ്ദേഹത്തിന്റെ സഭാംഗങ്ങൾ ഇന്നു വിദ്യാഭ്യാസമേഖലയിൽ നല്കിക്കൊണ്ടിരിക്കുന്ന ഉജ്വല നേതൃത്വം. കേരളസഭയ്ക്ക് കേരളത്തിനു നല്കാൻ സാധിച്ച ഏറ്റവും വലിയ സംഭാവന വിദ്യാദാനവും ഉയർന്ന വിദ്യാഭ്യാസ നിലവാരവുമാണ് എന്നത് തർക്കരഹിതമാണ്. ന്യൂനപക്ഷമായ ക്രിസ്ത്യാനികൾക്ക് പൊതുസമ്മതി കിട്ടിയിട്ടുള്ള ഏതെങ്കിലും സേവനരംഗം ഭാരതത്തിലുണ്ടെങ്കിൽ അത് വിദ്യാഭ്യാസരംഗമാണ്. നാടിനെ ക്രൈസ്തവമാക്കുന്നതിൽ പള്ളിക്കൂടങ്ങൾ നേരിട്ടു ലക്ഷ്യംവച്ചിട്ടില്ലെന്നതു ശരിതന്നെ. എന്നാൽ, ക്രൈസ്തവമായ ഒരു ധാർമിക വീക്ഷണം, അതായത് ധർമാധർമങ്ങളെ വേർതിരിച്ചറിയുന്നതിനുള്ള കഴിവും പ്രതികരണശേഷിയും പടുത്തുയർത്തുന്നതിൽ ക്രൈസ്തവ വിദ്യാലയങ്ങൾ വഹിച്ചിട്ടുള്ള പങ്ക് കുറച്ചൊന്നുമല്ല12.

### സംസ്കൃത സ്കൂൾ സ്ഥാപനം

സഹജീവികളുടെ ഭൗതികക്ഷേമത്തിൽനിന്നു വിട്ടുമാറിയുള്ള ഒറ്റപ്പെട്ടുനില്പ് ഏതൊരു മതസംഘടനയെയും ബലഹീനമാക്കും. അത്തരമൊരു ദുരവസ്ഥയെ തരണം ചെയ്യാനുള്ള പരിശ്രമമാണ് ചാവറയച്ചനിൽനിന്നുണ്ടായത്. മാന്നാനത്ത് ആശ്രമം തുടങ്ങി പതിനഞ്ചാം വർഷത്തിൽ, അതായത് 1846-ൽ ആശ്രമത്തോടു ചേർന്ന് ഒരു സംസ്കൃത വിദ്യാലയം ചാവറയച്ചൻ സ്ഥാപിച്ചു. ഉദയംപേരൂർ സൂനഹദോസിന്റെ പിൻബലത്തോടെയും പ്രൊട്ടസ്റ്റന്റ് ആശയങ്ങൾ പരക്കുമെന്ന ഭീതിമൂലവും ഇംഗ്ലീഷ് വിദ്യാഭ്യാസം നിഷിദ്ധമാക്കിയ അന്നത്തെ സഭാധികാരികളുടെ കർക്കശ നിലപാടു മൂലമാണ് പാഠശാലയുടെ മാധ്യമം സംസ്കൃതമാക്കിയത്. സമൂഹത്തിന്റെ മേലേക്കിടയിലുള്ളവരുടെ ഇടയിൽ മലയാളത്തെ അപേക്ഷിച്ച് സംസ്കൃതത്തിനുണ്ടായിരുന്ന സ്ഥാനവും ഒരുപക്ഷേ അദ്ദേഹത്തെ പ്രേരിപ്പിച്ചിരിക്കാം. വിദ്യാലയസ്ഥാപനത്തെപ്പറ്റി ചാവറയച്ചന്റെ സമകാലികനായ പാറപ്പുറത്ത് വർക്കിയച്ചൻ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: "ഈ സമയം ഒപ്പിച്ച് മാന്നാനം ആശ്രമത്തോടു ചേർന്ന് ഒരു സംസ്കൃത സ്കൂളും സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അതിൽ ഈ ആശ്രമത്തിൽ ചേർന്ന വൈദികരും സമീപമുള്ള സ്ഥലങ്ങളിൽനിന്ന് കുട്ടികളും ചേർന്നു പഠിച്ചിരുന്നു. ഇതിന്റെ നടത്തിപ്പിനായി തൃശൂരിൽനിന്ന് വാര്യർ ജാതിയിൽ ചേർന്ന ഒരു വാദ്ധ്യാരെ വരുത്തിയിരുന്നു. ഇയാൾ മലയാളഭാഷയിലും സംസ്കൃത ഭാഷയിലും വളരെ സമർത്ഥനായിരുന്നു."13

### ആർപ്പൂക്കരയിലും മാന്നാനത്തും വിദ്യാലയങ്ങൾ

സംസ്കൃത വിദ്യാലയത്തിന്റെ വിജയം ചാവറയച്ചനെ കൂടുതൽ കർമകുശലനാക്കി. സമൂഹത്തിലെ താഴേക്കിടയിൽ കിടക്കുന്നവരിലായി പിന്നീട് അദ്ദേഹത്തിന്റെ ശ്രദ്ധ. വെറും സാമ്പത്തികസഹായംകൊണ്ടു മാത്രം അധഃകൃതരുടെയും പിന്നോക്ക സമുദായക്കാരുടെയും ശോചനീയാവസ്ഥ പരിഹരിക്കപ്പെടുകയില്ല എന്ന് അദ്ദേഹം മനസിലാക്കി. സാക്ഷരത്വവും സംസ്കാരവും ഉണ്ടാക്കിയെടുക്കുക വഴി, ചവിട്ടിമെതിക്കപ്പെട്ട അവരുടെ മനുഷ്യത്വത്തെ പുനരുദ്ധരിക്കാൻ അദ്ദേഹം തുനിഞ്ഞിറങ്ങിയതിന്റെ മകുടോദാഹരണങ്ങളാണ് ആർപ്പൂക്കരയിലെയും മാന്നാനത്തെയും വിദ്യാലയങ്ങൾ. പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന അവരുടെ 'അധസ്തല' ത്ത് പ്രകാശംപരത്തിയ വെള്ളിനക്ഷത്രങ്ങളായിരുന്നു ഈ പാഠശാലകൾ14./പാറപ്പുറത്ത് വർക്കിയച്ചൻ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: "മാന്നാനത്ത് ഈ കുന്നേൽ സ്കൂൾ പണിതുടങ്ങുകയും ആർപ്പൂക്കര തുരുത്തുമാലിയുടെ കുന്നേൽ പുലയർ മാർഗം കൂടുന്നവർക്ക് കപ്പേളയും അതോടു ചേർന്ന് സ്കൂളും പണിയിക്കുന്നതിന് സ്ഥലം കണ്ടു നിശ്ചയിച്ചു."15 തൊട്ടുകൂടാത്ത താഴ്ന്ന ജാതികളെ വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുക മാത്രമല്ല, അവർക്കു നിഷിദ്ധമായിരുന്ന സംസ്കൃതം തന്നെ അവരെ പഠിപ്പിച്ച് ജാതിയുടെ പേരിലുള്ള വിലക്കുകളെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവാർധത്തിൽത്തന്ന ധീരമായി വെല്ലുവിളിക്കുകയും ചെയ്ത പ്രഥമ ഭാരതീയനായിരുന്നു ചാവറയച്ചൻ.16

### കോളജ് സ്ഥാപന ലക്ഷ്യം

പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിൽ സ്കൂളുകൾ വളരെ വിരളമായിരുന്നു എന്നു കണ്ടുകഴിഞ്ഞു. സ്കൂളുകൾ തുടങ്ങുകയെന്നത് മഹത്തായ കാര്യവും. ഇങ്ങനെയുള്ള സാഹചര്യത്തിലാണ് ഉന്നത വിദ്യാഭ്യാസം എന്ന ആശയം ചാവറയച്ചനിൽ ഉദിച്ചത്. സുറിയാനിക്കാരുടെ ബഹുമുഖ വളർച്ചയ്ക്കു പര്യാപ്തമായ രീതിയിൽ മാന്നാനത്ത് ഒരു കേന്ദ്ര കോളജ് സ്ഥാപിക്കണമെന്ന് അദ്ദേഹം അഭിലഷിച്ചു17. അതിനായുള്ള ശ്രമവും തുടങ്ങി. വിധിവൈപരീത്യമെന്നേ പറയേണ്ടൂ, ഇക്കാലയളവിലാണ് കേരളസഭയെ പിടിച്ചുലച്ച റോക്കോസ് മെത്രാന്റെ ആഗമനം. റോക്കോസിനെ പ്രതിരോധിക്കുന്നതിൽ അമ്പേ പരാജയപ്പെട്ട സഭാധികാരികൾക്കു മുമ്പിൽ ഒരു വഴിയേ ശേഷിച്ചിരുന്നുള്ളൂ- ഏവർക്കും സമ്മതനായിരുന്ന ചാവറയച്ചനെ നേതൃത്വസ്ഥാനത്തേക്ക് ഉയർത്തുകയെന്നത്. 1861 ജൂൺ എട്ടാം തീയതി വിപുലമായ അധികാരങ്ങളോടെ ചാവറയച്ചനെ വികാരി ജനറാളായി ബർണർദീനോസ് മെത്രാപ്പോലീത്ത നിയമിച്ചു. തുടർന്ന് കൂനമ്മാവിലേക്ക് സ്ഥലംമാറ്റി. മുപ്പതിലേറെ വർഷങ്ങളായി താൻ താമസിച്ചിരുന്ന കൊവേന്തയോടുള്ള ആത്മബന്ധവും മാന്നാനത്തെ ഒരു ഉന്നത വിദ്യാഭ്യാസകേന്ദ്രമാക്കണമെന്നുള്ള ആഗ്രഹവും അനുസരണം വ്രതമായെടുത്ത ചാവറയച്ചനു തടസമായി നിന്നില്ല. പിന്നീട് മാന്നാനത്തേക്കു തിരിച്ചുവരാൻ സാധിക്കായ്കയാലും വികാരി ജനറാളിന്റെ ജോലിത്തിരക്കു മൂലവും കോളജ് സ്ഥാപനം അങ്ങനെ സ്വപ്നമായി അവശേഷിച്ചു.

### ചരിത്രപ്രസിദ്ധമായ സർക്കുലർ

വികാരി ജനറാളായ ചാവറയച്ചൻ അത്യുജ്വലമായ നേതൃത്വമാണ് കേരളസഭയ്ക്കു നല്കിയത്. കേരളത്തിലെ വിദ്യാഭ്യാസ പുരോഗതിയുടെയും നൂറു ശതമാനം സാക്ഷരതയുടെയും മൂലകാരണം ചാവറയച്ചൻ ബർണ്ണർദീനോസ് മെത്രാപ്പോലീത്തയെക്കൊണ്ട് പുറപ്പെടുവിച്ച ഒരു സർക്കുലറാണ്. "ഇടവകകൾ തോറും വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നും, അല്ലാത്തപക്ഷം അംശമുടക്ക് കല്പിക്കുമെന്നും" താക്കീത് നല്കിക്കൊണ്ടുള്ളതായിരുന്നു ആ സർക്കുലർ. നിർദേശമനുസരിക്കാത്ത പള്ളികൾ അടച്ചിടു

# പ്രിയോരച്ചനിൽ നിന്ന് പ്രിയോർമാവിലേക്ക്

ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നതിന് മുമ്പ് വരെ അദ്ദേഹം അധികവും അറിയപ്പെട്ടിരുന്നത് വലിയ പ്രിയോരച്ചൻ എന്ന പേരിലാണ്. കാരണം അദ്ദേഹം നേതൃത്വമെടുത്ത സന്യാസ സഭയുടെ അതുവരെയുള്ള എല്ലാ ആശ്രമങ്ങളുടെയും പൊതു സുപ്പീരിയർ അദ്ദേഹമായിരുന്നു. അദ്ദേഹത്തിനു മാത്രമായിരുന്നു 'പ്രിയോർ' എന്ന സ്ഥാനപ്പേരും. അതുകൊണ്ട് സഭാംഗങ്ങളും മറ്റുള്ളവരും അദ്ദേഹത്തെ 'വലിയ പ്രിയോരച്ചൻ' എന്നേ വിളിച്ചിരുന്നുള്ളൂ. 1864-നും 1871-നും മിടയിലാണ് ചാവറയച്ചൻ കൂനമ്മാവിലെ ആശ്രമവാസിയായിരുന്നത്. ഒരിക്കൽ സമ്മാനമായി ലഭിച്ച വിശേഷതരം മാങ്ങയുടെ അണ്ടി തന്റെ മുറിയുടെ അടുത്ത് നട്ടുപിടിപ്പിച്ചിരുന്നു. ആ മാവ് പിന്നീട് പ്രിയോർമാവ് എന്ന പേരിൽ അറിയപ്പെട്ടു. നൂറു വർഷത്തോളം ജീവിച്ച പ്രിയോർമാവ് ഉണങ്ങിയപ്പോൾ മുറിച്ചു കഷണങ്ങളാക്കി സി.എം.ഐ, സി.എം.സി സഭകളുടെ ഭവനങ്ങളിൽ ഇന്ന് തിരുശേഷിപ്പുപോലെ സൂക്ഷിച്ചിരിക്കുന്നു. പ്രിയോർ മാവിൻ തൈകൾ ഈ പേരിൽ തന്നെ ഇന്നും നഴ്സറികളിൽ നിന്ന് ലഭ്യമാണ്.



മെന്നുപോലും കല്പിച്ചത് വൈജ്ഞാനികമണ്ഡലത്തിൽ
ഒരു വിപ്ലവം സൃഷ്ടിക്കുന്നതിനുള്ള വിത്തുപാകലായി
രുന്നു. ചാവറയച്ചൻ സ്വന്തം കൈപ്പടയിൽ എഴുതിയ ആ
സർക്കുലറിൽ ഔദ്യോഗികമായി മുദ്രവച്ചിരിക്കുന്നത് ബർണ്ണ
ദീനോസ് മെത്രാപ്പോലീത്തയായിരുന്നു. സർക്കുലർ പുറ
പ്പെടുവിച്ചിട്ട് അടങ്ങിയിരിക്കുകയായിരുന്നില്ല ചാവറയച്ചൻ.
കല്പന നടപ്പിൽ വരുത്തുന്നതിനും വിദ്യാദാന പ്രവർത്ത
നങ്ങൾ സജീവമാക്കുന്നതിനും തന്റെ സഭാംഗങ്ങളെ ചുമ
തലപ്പെടുത്തി. ഓരോ കൊവേന്തയും അതതിന്റെ
അതിർത്തിയിലുള്ള പള്ളികളിലെ ഇത്തരത്തിലുള്ള
പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിച്ചു18. പള്ളികളുടെ
കൂടെയുള്ള പള്ളിക്കൂടങ്ങൾ അങ്ങനെ കേരളത്തിലെ സജീ
വമായ വിദ്യാഭ്യാസരംഗത്തിന്റെ പരിശീലനക്കളരികളും
പ്രതീകങ്ങളുമായി മാറി.

**സെമിനാരികളും വിദ്യാഭ്യാസരംഗവും**

ഏതൊരു മതത്തിന്റെയും വക്താക്കളായി വർത്തിക്കുന്നത്
പുരോഹിതന്മാരാണ്. മതങ്ങളുടെ പ്രതിഛായ കരുപ്പിടിക്കു
ന്നതിൽ പുരോഹിതന്മാർക്കുള്ള പങ്ക് ഏറെയാണ്. കഴിവുറ്റ
പുരോഹിതന്മാരെ വാർത്തെടുക്കുന്നതിൽ മതങ്ങൾ എക്കാ
ലവും ശ്രദ്ധവച്ചിരുന്നു. ക്രിസ്തുമതത്തിലും സ്ഥിതി മറി
ച്ചല്ല. പുരോഹിതാർഥികളുടെ പരിശീലനം കത്തോലിക്കാ
സഭ അതീവഗൗരവത്തോടെയാണ് നടത്തിവരുന്നത്. കത്തോ
ലിക്കാസഭയിലെ പുരോഹിത പരിശീലനകേന്ദ്രങ്ങളാണ്
സെമിനാരികൾ. ട്രെന്റ് സൂനഹദോസാണ് (1545-1563)
ഇന്നത്തെ രൂപത്തിലുള്ള സെമിനാരികളുടെ സ്ഥാപനകാ
രണം.
യൂറോപ്പിലും മറ്റുമുള്ള സെമിനാരികളോട് ചേർന്നാണ്
പ്രസിദ്ധമായ പല വിദ്യാഭ്യാസകേന്ദ്രങ്ങളും ഉയർന്നുവന്നി
ട്ടുള്ളത്. പാശ്ചാത്യമിഷനറിമാർ കേരളത്തിൽ ചില സെമി
നാരികൾ തുടങ്ങിയിരുന്നുവെങ്കിലും മല്പാന്മാരുടെ കൂടെ
താമസിച്ച് പരിശീലനം നേടിയവരായിരുന്നു ചാവറയച്ച

നുൾപ്പെടെ ഒട്ടുമിക്ക സുറിയാനി വൈദികരും. പക്ഷേ, അറിവും പാണ്ഡിത്യവുമുള്ള വൈദികർ അതിൽ തുലോം തുച്ഛമായിരുന്നു. യഥാർഥ സ്ഥിതി മനസിലാക്കിയിരുന്ന ചാവറയച്ചൻ ആശ്രമസ്ഥാപനത്തോടൊപ്പം സെമിനാരി സ്ഥാപനത്തിലും മുൻകൈയെടുത്തു. അറിവും പാണ്ഡിത്യവുമുള്ള വൈദികരുണ്ടായാലേ സഭയും സമുദായവും പുരോഗതി നേടൂ എന്നദ്ദേഹത്തിനറിയാമായിരുന്നു. "1833ൽ മാന്നാനത്ത് സുറിയാനിക്കാരുടേതായ ആദ്യത്തെ സെമിനാരി അദ്ദേഹം സ്ഥാപിച്ചു. 1866ൽ വാഴക്കുളത്തും 1868ൽ എൽത്തുരുത്തും സെമിനാരികൾ സ്ഥാപിക്കപ്പെട്ടു. 1872ൽ പുളിങ്കുന്നിൽ സ്ഥാപിക്കപ്പെട്ട സെമിനാരിയുടെയും തുടക്കക്കാരൻ ചാവറയച്ചനാണ്."19ചാവറയച്ചന്റെ ക്രാന്തദർശിത്വം ഫലം ചൂടി. യൂറോപ്പിൽ സംഭവിച്ചത് ഈ കൊച്ചു കേരളത്തിലും സംഭവിച്ചു. മാന്നാനവും വാഴക്കുളവും എൽത്തുരുത്തും പുളിങ്കുന്നും കേരളത്തിലെ അറിയപ്പെടുന്ന വിദ്യാഭ്യാസ കേന്ദ്രങ്ങളായി മാറി.

**കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതി: ചാവറയച്ചന്റെ തനതുദർശനം**

സന്യാസസഭാസ്ഥാപനം ചാവറയച്ചനുൾപ്പെടെ പലരുടെയും കൂട്ടായ പരിചിന്തനത്തിന്റെ ഫലമായിരുന്നുവെങ്കിൽ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ചാവറയച്ചന്റേതു മാത്രമായ ദർശനമായിരുന്നു. അദ്ദേഹത്തിന് വിദ്യയുടെ വിലയറിയാമായിരുന്നു. സമുദായത്തെ കൈപിടിച്ചുയർത്താൻ സമാരംഭിച്ച സന്യാസസഭ ഏതു വേദിയിൽ ആദ്യം കാലെടുത്തുവയ്ക്കണമെന്ന് ചിന്തിച്ചപ്പോൾ വിദ്യയുടെ വേദിയാണ് അദ്ദേഹത്തിന്റെ മുമ്പിൽ തെളിഞ്ഞത്. ആശ്രമസ്ഥാപനം സഭയുടെ വളർച്ചയ്ക്ക് കാരണമായെങ്കിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സമൂഹപുരോഗതിക്ക് അടിത്തറ പാകി.
വിദ്യാഭ്യാസത്തെക്കുറിച്ച് ചാവറയച്ചന് വ്യക്തമായ വീക്ഷണമുണ്ടായിരുന്നു. അദ്ദേഹമെഴുതി: "തിരിച്ചറിവുണ്ടായാ

# വാഴ്ത്തപ്പെട്ട ചാവറയച്ചൻ

**സി. പി. ശ്രീധരൻ**



ചാവറകൃതികളുടെ അന്തർഭാഗത്തേയ്ക്ക് കടക്കുമ്പോഴാണ് സമർപ്പിത ചേതസായ ഒരു ക്രൈസ്തവ ഭക്തന്റെ അന്തർപ്രചോദിതങ്ങളായ വാങ്മയ രൂപങ്ങൾ മനസിലാക്കുന്നത്. ഒരു കവിയുടെ വ്യക്തിമുദ്ര ഭാവാവിഷ്കാരത്തിലാണ് പ്രകടമാകുന്നത്. ഭാവന രൂപമായ പദവാക്യഛന്ദോലങ്കാരം പ്രയോഗിക്കുന്നതിൽ ചാവറയച്ചന്റെ വിരുത് ഒന്നു വേറെതന്നെ ആണ്. 'അനസ്ത്യാസ്യായുടെ രക്തസാക്ഷ്യം' എന്ന ഖണ്ഡകവിതയിൽ അനസ്താസ്യാ എന്ന കുട്ടി സന്യാസം സ്വീകരിച്ച് സോഫിയാ എന്ന മഠാധിപയുടെ സമീപത്ത് ധ്യാനനിരതയായി നിൽക്കുന്ന രംഗം അദ്ദേഹം ചിത്രീകരിച്ചിട്ടുണ്ട്. ദുഷ്ടനായ പ്രോബായുടെ ഭീഷണിക്കു വഴങ്ങാത്ത അനസ്താസ്യായുടെ അക്ഷോഭ്യപ്രകൃതിയേയും അചഞ്ചല ഭക്തിയേയും ചൈതന്യഭാസുരമായി ആവിഷ്കരിച്ചിരിക്കുന്നു. നിഗൂഢമായ കാവ്യസൗന്ദര്യം പദച്ചെപ്പുകളിൽ ഉടുപ്പിച്ച് ചേതനയുടെ സൂക്ഷ്മവും ആസ്പഷ്ടവുമായ സ്പന്ദനങ്ങളെ അനാവരണം ചെയ്യുന്നതിൽ ചാവറയച്ചൻ വിഗദ്ധനാണെന്ന് ആത്മാനുതാപം തുടങ്ങിയ കൃതികൾ തെളിയിക്കുന്നു.

**ഡോ. കെ. എം. തരകൻ**



ചാവറയച്ചന്റെ ദർശനം വളരെ സ്പഷ്ടമാണ്. അതു ശുഭാപ്തി വിശ്വാസത്താൽ നിർഭരമാണ്, പ്രസന്നമാണ്, പ്രസാദാത്മകമാണ്. ത്യാഗനിർഭരമായ ഒരു ജീവിതമായിരുന്നു, അദ്ദേഹത്തിന്റേത്. എങ്കിലും ആ ജീവിതത്തിൽ ഒരു നിമിഷം പോലും ഏകാന്തത അനുഭവപ്പെട്ടില്ല. ചാവറയച്ചന്റെ ദർശനത്തിന്റെ ഒരു മഹത്ത്വമായാണിതിനെ ഞാൻ എണ്ണുന്നത്. ഞാൻ വേറെ, നിങ്ങൾ വേറെ എന്നൊരു മനോഭാവം ആ വ്യക്തിയിൽ ഉണ്ടായിരുന്നില്ല. അദ്ദേഹം കത്തോലിക്കനായിരുന്നുവെന്ന് കത്തോലിക്കർ പറയും. എന്നാൽ അദ്ദേഹം ഒരു വലിയ ക്രിസ്ത്യാനി ആയിരുന്നു. ഒരു വലിയ മനുഷ്യനായിരുന്നു. ഒരു ദൈവദാസനായിരുന്നു. ദൈവദാസൻ മനുഷ്യരുടെ മുഴുവൻ സേവകൻ കൂടിയാണ്. ദൈവദാസനായതുകൊണ്ട് വാഴ്ത്തപ്പെട്ടവൻ എന്ന പദവിക്കുകൂടി അദ്ദേഹമർഹനായിരിക്കുന്നു. ചാവറയച്ചന്റെ ദർശനം ഒരേ സമയം ദൈവത്തിന്റെ ദാസനും മനുഷ്യസ്നേഹിയും ആയിരിക്കുക എന്നതാണ്. മഹത്തായ ആ പ്രഭാപൂരത്തിന്റെ–തേജസിന്റെ–ശക്തി ഇന്ന് ഒരു മണ്ഡലത്തിൽ മാത്രമല്ല എല്ലാ മണ്ഡലങ്ങളിലും വ്യാപിച്ചു നില്ക്കുകയാണ്.

ലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം. ഇതും പോരാ, അവർ പഠിക്കുന്നു എന്നും അവർ എങ്ങനെയുള്ള കൂട്ടുകൂടിയാണ് നടക്കുന്നതെന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം."20 നിർധനരായ കുട്ടികൾക്ക് പഠനസൗകര്യമൊരുക്കുവാൻ ഇടവകകളെയും സമ്പന്നരെയും അദ്ദേഹം ചുമതലപ്പെടുത്തി. താൻ സ്ഥാപിച്ച വിദ്യാലയങ്ങളുടെ നിലനില്പിനായി വരുമാനമാർഗങ്ങളും അദ്ദേഹം കണ്ടെത്തി.21 ചാവറയച്ചന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ അദ്ദേഹം തുടക്കം കുറിച്ച സ്കൂളുകളുടെയോ നടത്തിക്കൊണ്ടുപോന്നിരുന്ന സ്ഥാപനങ്ങളുടെയോ എണ്ണമല്ല പ്രധാനം. മറിച്ച്, വിദ്യാഭ്യാസം സമൂഹത്തിനൊരാവശ്യമാണെന്നും അതുകൊണ്ടുമാത്രമേ മേൽഗതിയുണ്ടാകൂയെന്നും ഉള്ള ചിന്താഗതി സമൂഹത്തിൽ കുത്തിവയ്ക്കുകയും പൊതുവിദ്യാഭ്യാസം നൽകുന്നതിനുള്ള സൗകര്യങ്ങൾ പള്ളികളും ആശ്രമങ്ങളും എന്തു ത്യാഗം സഹിച്ചും സംലബ്ധമാക്കിക്കൊടുക്കണമെന്നുമുള്ള ഒരവബോധം സൃഷ്ടിക്കുകയും ചെയ്തു എന്നതാണ് ചാവറയച്ചന്റെ വിദ്യാഭ്യാസദർശനത്തിന്റെ അനന്യത.

Notes

1. സർവവിജ്ഞാനകോശം വാല്യം 8, തിരുവനന്തപുരം: S.I.E.P, "കേരളം", 390.
2. സർവവിജ്ഞാനകോശം, 386.
3. സർവവിജ്ഞാനകോശം, 387.
4. വിജ്ഞാനം മലയാളം എൻസൈക്ലോപീഡിയാ വാല്യം 8, തിരുവനന്തപുരം. എ.ശ്രീധരമേനോൻ, "കേരളചരിത്രം", 9761.
5. സർവവിജ്ഞാനകോശം, 386.
6. CMS-Church Mission Society.
7. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ Session 111, ഡിക്രി 12.
8. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ Session 111, ഡിക്രി 11.
9. ചാൾസ് പൈങ്ങോട്ട്, "കേരളസഭ പത്തൊമ്പതാം നൂറ്റാണ്ടിൽ" (ഇഗ്നേഷ്യസ് പേർസിക്കോയുടെ റിപ്പോർട്ട്), കോട്ടയം: QRSI, 41.
10. ചാൾസ് പൈങ്ങോട്ട്, ....., 70.
11. Archives of Oriental Congregation, s.c.Malabaresi 1878-1889 1224 V. ഉദ്ധരണി, ചാൾസ് പൈങ്ങോട്ട്....., 103.
12. കിളിച്ചിമല, "ക്രൈസ്തവ വിദ്യാലയങ്ങളുടെ ആവശ്യകത", "ചാവറ ചരമശതാബ്ദി"യിലെ ലേഖനം, 160.
13. പാറപ്പുറം, "നാളാഗമം", 1474.
14. തൊണ്ടിപ്പുര, "ചാവറയച്ചൻ: സാമുദായിക പരിഷ്കർത്താവ്," "ചാവറ ചരമശതാബ്ദി"യിലെ ലേഖനം, 58.
15. പാറപ്പുറം, "നാളാഗമം"
16. തോമസ് കാടൻകാവിൽ, "അവതാരിക", വിത്സൻ കോക്കാട്ട്, "വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ദളിത് ദർശനം", 8.
17. റൊമയോ തോമസ്, "Eduction Review", ഉദ്ധരണി, "മലങ്കര സഭാ മാതാവിന്റെ ഒരു വീരസന്താനം", 138.
18. വലേരിയൻ, "മലങ്കരസഭാമാതാവിന്റെ ഒരു വീരസന്താനം", 138.
19. ജോൺ റൊമയോ പട്ടശേരി, "വാഴ്ത്തപ്പെട്ട ചാവറയച്ചൻ: വ്യക്തിയും വീക്ഷണവും", വാല്യം 1, 67–68.
20. ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ, "ഒരുനല്ല അപ്പന്റെ ചാവരുൾ" 18.
21. വർഗീസ് കാഞ്ഞിരത്തിങ്കൽ, "കേരള ദീപം", 38.